GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

31-05-2021

# കാർഷികവാർത്തകൾ

## 1. കൃഷിവകുപ്പ് പൈനാപ്പിളും കപ്പയും സംഭരിക്കുന്നു

ഹോർട്ടികോർപ്പ് വാഴക്കുളം അഗ്രോ പ്രോസസ്സിംങ്ങ് കമ്പനി വഴി കൈതച്ചക്കയുടേയും കപ്പയുടേയും സംഭരണം കൃഷിവകുപ്പ് ആരംഭിച്ചു. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി കർഷകർക്ക് ജില്ലാതലത്തിൽ ഹോർട്ടികോർപ്പ് ആരംഭിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കുമായി ബന്ധപ്പെടാവുന്നതാണ്. വിവിധ ജില്ലകളിലെ ഹെൽപ്പ് ഡെസ്ക് നമ്പരുകൾ ഇനി പറയുന്നു.

| | |
|---|---|
| തിരുവനന്തപുരം 963323 5081 | കൊല്ലം 9446207383 |
| പത്തനംതിട്ട 9447335078 | ആലപ്പുഴ 9447860263 |
| കോട്ടയം 9447583081 | ഇടുക്കി 8547479101 |
| എറണാകുളം 9497689997 | തൃശ്ശൂർ 9446360336 |
| പാലക്കാട് 9447779770 | മലപ്പുറം 9447449183 |
| കോഴിക്കോട് 9497079534 | വയനാട് 9745468414 |
| കണ്ണൂർ 9895371970 | |

## 2. മുട്ടക്കോഴി ഇന്റഗ്രേഷൻ ഫാമുകൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നു.

കേരള പൌൾട്രി വികസന കോർപ്പറേഷൻ(**കെപ്കോ**) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലെ കർഷകരിൽ നിന്നും ഇന്റഗ്രേഷൻ ഫാമുകൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നു. മാനേജിങ്ങ് ഡയക്ടർ , കേരള പോൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം, പിൻകോട്- 695024 എന്ന മേൽവിലാസത്തിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ടുന്ന നമ്പർ 9495000934

## 3. പച്ചക്കറി കൃഷിയെ കുറിച്ച് വീഡിയോകളുമായി ഫാം ഇൻഫോർമേഷൻ ബ്യൂറോ

കർഷകസൌഹാർദ പരിപാടിയുടെ ഭാഗമായി വീട്ടിലെ പച്ചക്കറി കൃഷിയെ കുറിച്ച് ഹ്രസ്വചിത്രങ്ങൾ ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയത് ബ്യൂറോയുടെ യൂട്യൂബ് ചാനലിലും ഫാം ഇൻഫോർമേഷൻ ബ്യൂറോയുടെ വെബ്സൈറ്റിലും ( www.fibkerala.gov.in) ലഭ്യമാണ്. പച്ചമുളക് കൃഷി, മത്തൻ കൃഷി ,പടവല

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൃഷി ,പാവയ്ക്ക കൃഷി ,കോവൽ കൃഷി ,വെള്ളരി കൃഷി ,മുരിങ്ങ കൃഷി,വെണ്ട കൃഷി, പയർ കൃഷി തുടങ്ങിയ പച്ചക്കറി വിളകളുടെ കൃഷിരീതികൾ വിശദീകരിക്കുന്ന വീഡിയോകളാണ് അപ് ലോഡ് ചെയ്തിരിക്കുന്നത്. കൂടുതൽവിവരങ്ങൾക്ക് ഫാം ഇൻഫർമേഷൻ ബ്യൂറോയുമായി ബന്ധപ്പെടുക. ഈ മെയിൽ fibtvm@gmail.com

4. **ഓൺലൈൻ മൃഗചികിത്സയുമായി വെറ്ററിനറിസർവകലാശാല**

വളർത്തുമൃഗ പരിപാലനം, രോഗം ഭക്ഷണരീതി മറ്റ് അനുബന്ധമേഖലകൾ എന്നിവയിലുള്ള കർഷകരുടെ സംശയങ്ങൾക്ക് തത്സമയ പരിഹാരവുമായി വെറ്ററിനറി സർവകലാശാലയുടെ കാഫ് പദ്ധതി. കർഷകർക്ക് മൊബൈൽ കോൺഫറൻസിങ്ങിലൂടെ പ്രശ്നപരിഹാരം ലഭിക്കുന്നതിനായി എല്ലാ ദിവസവും പകൽ സമയം ഒൻപതു മണി മുതൽ പന്ത്രണ്ട് മണിവരേയും രണ്ടു മണി മുതൽ അഞ്ചു മണി വരെയും **'9447030801'** എന്ന നമ്പരിൽ വിളിയ്ക്കാവുന്നതാണ്. വിദഗ്ധരുമായി നേരിട്ട് ആശയവിനിമയം നടത്തി സംശയനിവാരണം നടത്താനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. പദ്ധതിയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഡോ എം കെ നാരായണൻ – **9447019009** : ഡോ എസ് അജിത്കുമാർ – **9400322511**

**ഓൺലൈൻ പരിശീലനങ്ങൾ**

5. **കേരള വെറ്ററിനറി സർവകലാശാല 'മൃഗസംരക്ഷണമേഖലയിലെ വർഷകാല മുന്നൊരുക്കങ്ങളെ'** ആധാരമാക്കി നടത്തുന്ന കർഷകോൻമുഖവിദഗ്ധഭാഷണ പരമ്പരയിൽ ഇന്ന് **(31-05-2021 ന്)** വൈകിട്ട് 5.00 മണിക്ക് 'മാലിന്യസംസ്കരണം മഴക്കാലത്ത്' എന്ന വിഷയത്തിനെ അടിസ്ഥാനപ്പെടുത്തി സർവകലാശാല പ്രൊഫസർ അനിൽ കെ എസിന്റെ ആമുഖഭാഷണവും തുടർന്ന് അസിസ്റ്റന്റ് പ്രൊഫസർ ഡോ ബിയ ആൻ ജോസിന്റെ പ്രഭാഷണവും ഉണ്ടായിരിക്കുന്നതാണ്. കർഷകരുടെ സംശയദൂരീകരണത്തിനായുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. നാളെ (01-06-2021 ന്) 'മൃഗങ്ങളിലെ സാധാരണ ദഹനസംബന്ധമായ രോഗങ്ങൾ' എന്നതാണ് പ്രഭാഷണ വിഷയം. വിശദ വിവരങ്ങൾക്കായി ഫോൺ കോളിലൂടെയോ വാട്സ്ആപ്പിലൂടെയോ ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ് – **9446625160** / **9895213500**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. റബ്ബർ നടീലിനെ കുറിച്ച് **റബ്ബർ ബോർഡ്** ഓൺലൈൻ പരിശീലനം നൽകുന്നു. നാളെ (ജൂൺ മാസം ഒന്നാം തീയതി) ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ മലയാളത്തിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് 0481–2353127 എന്ന ഫോൺ നമ്പരിലും 7994650941 എന്ന വാട്സ്ആപ്പ് നമ്പരിലും ബന്ധപ്പെടാവുന്നതാണ്. മെയിൽ ഐ ഡി training@rubberboard.org.in

7. **തിരുവനന്തപുരം,വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ലോക പാൽ ദിനത്തോടനുബന്ധിച്ച് നാളെ** (ജൂൺ മാസം ഒന്നാം തീയതി) ആരോഗ്യ സംരക്ഷണത്തിന് പാലും പാലുൽപ്പന്നങ്ങളും എന്ന വിഷയത്തെ ആധാരമാക്കി രാവിലെ 10.30 ന് ഓൺലൈൻ വെബിനാർ സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9446911451** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. പശു എരുമ മുതലായ വളർത്തുമൃഗങ്ങളിൽ വിരമരുന്നു നൽകുന്നതിനായി മണ്ണുത്തി വെറ്ററിനറി കോളേജ് പരാദവിഭാഗം നൽകുന്ന നിർദ്ദേശങ്ങൾ ഇനി പറയുന്നു. കന്നുകുട്ടികൾ ജനിച്ചു ഒരണ്ടാഴ്ച്ചയ്ക്കുള്ളിൽ ആദ്യത്തെഡോസ് ഒരു ബ്രോഡ്സ്പെക്ട്രം വിരമരുന്നു നൽകണം .തുടർന്ന് നാലാഴ്ച കഴിഞ്ഞു ഒരു തവണ കൂടി വിരമരുന്നു കൊടുക്കാവുന്നതാണ്. മഴക്കാലം തുടങ്ങി മൂന്ന് ആഴ്ച്ചക്കു ശേഷം എല്ലാ ഉരുക്കൾക്കും ഒരു തവണ വിര മരുന്നു നൽകാവുന്നതാണ്. രക്തം കലർന്നതോ കഫവും രക്തവും കലർന്നതോ ആയ വയറിളക്കം, ശരീരം മെലിച്ചിൽ മുതലായ രോഗലക്ഷണങ്ങൾ കണ്ടാൽ വെറ്ററിനറി ഡോക്ടറുടെ നിർദേശ പ്രകാരം ചാണകം പരിശോധിച്ചതിനു ശേഷം ശരീരത്തൂക്കത്തിനനുസരിച്ച് വിരമരുന്നു നൽകേണ്ടതാണ്. ഗർഭിണിയായ പശുവിനു പ്രസവത്തിനു രണ്ടു-മൂന്നാഴ്ച മുൻപ് വിരമരുന്ന് നല്കാവുന്നതാണ്. ഒരുവയസ്സിനു താഴെ പ്രായമുള്ള കന്നുകുട്ടികളിൽ പ്രതിരോധകുത്തിവെപ്പിനു രണ്ടോ മൂന്നോ ആഴ്ച്ച മുൻപ് വിരമരുന്ന് നല്കാവുന്നതാണ്. എന്നാൽ ഒരു വയസിനു മുകളിൽ പ്രായമുള്ളവയ്ക്കു മഴക്കാലം തുടങ്ങുമ്പോൾ വിരമരുന്ന് നൽകിയിട്ടുണ്ടെങ്കിൽ വേറെ വിരമരുന്നു നൽകേണ്ടതില്ല .